

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നഗരൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/റ്റി.വി.എം.ജി.പി.11/1642/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 01/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നഗരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/റ്റി.വി.എം.ജി.പി.11/1642/2023

തീയ്യതി: 01/12/2023

തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നഗരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീജ.കെ	ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)	25-10-2023	02-11-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-10-2023	02-11-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിന്ദു.ഒ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശ്രീജിത്ത് എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മിനിമോൾ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഡി. സ്മിത	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ സന്തോഷ്കുമാർ ജെ.എസ്	സെക്രട്ടറി	01-04-2022	05-10-2022
ശ്രീ ചന്ദ്രബാബു എസ്.എസ്	സെക്രട്ടറി	06-10-2022	28-11-2022
ശ്രീമതി ഷീജ ആർ.എസ്	സെക്രട്ടറി	29-11-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീ (വ
ശ്രീ കൃഷ്ണകുമാർ എസ്.എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	16-20
ശ്രീമതി കല കെ.എസ്	അസിസ്റ്റന്റ് സെക്രട്ടറി	17-11-2022	31-20

ഡോ.ബിനീഷ്	മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	01-04-2022	13-20
ഡോ.സരിക.എസ്	മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	14-09-2022	31-20
ഡോ.വിദ്യ.എസ്	മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	01-04-2022	31-20
ഡോ.ഷീന എ.ബി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2022	31-20
ഡോ.എ.വി.സൈജു	സീനിയർ വെറ്റിനറി സർജൻ	01-04-2022	25-20
ഡോ.ഗീതാറാം	സീനിയർ വെറ്റിനറി സർജൻ	26-04-2022	12-20
ഡോ.എ.വി.സൈജു	സീനിയർ വെറ്റിനറി സർജൻ	13-05-2022	24-20
ഡോ.ഗീതാറാം	സീനിയർ വെറ്റിനറി സർജൻ	25-06-2022	18-20
ഡോ.ഇന്ദു.ജി.നായർ	സീനിയർ വെറ്റിനറി സർജൻ	19-08-2022	27-20
ഡോ.അലോഷ്യസ്.പി	സീനിയർ വെറ്റിനറി സർജൻ	28-12-2022	31-20
ശ്രീമതി ലാലി.റ്റി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	05-20
ശ്രീമതി രമണി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	06-01-2023	31-20
ശ്രീമതി സൗമ്യ.ആർ.എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	15-20
ശ്രീ അനിൽകുമാർ.കെ	അസിസ്റ്റന്റ് എഞ്ചിനീയർ	16-09-2022	31-20
ശ്രീമതി റോഷ്ന.എസ്	കൃഷി ഓഫീസർ	01-04-2022	31-20
ശ്രീമതി ജയശ്രീ.വി.പി	ഹെഡ്മിസ്ട്രസ്	01-04-2022	31-20

ശ്രീ സന്തോഷ് രാജ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-20
ശ്രീമതി നേഹാപിള്ള എസ്.എൽ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 1	01-04-2022	25-20
ശ്രീ.ഹരിശങ്കർ ജെ.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ 1	26-11-2022	31-20
ശ്രീ മനോജ് ശങ്കർ.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II	01-04-2022	06-20
ശ്രീമതി നേഹാപിള്ള എസ്.എൽ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II	07-04-2022	10-20
ശ്രീ ബിനു.കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II	11-05-2022	24-20
ശ്രീമതി നേഹാപിള്ള എസ്.എൽ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II	25-05-2022	09-20
ശ്രീ അനിൽകുമാർ.ഡി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II	10-06-2022	16-20
ശ്രീമതി നേഹാപിള്ള എസ്.എൽ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II	17-07-2022	14-20
ശ്രീ.ഹരിശങ്കർ ജെ.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ II	15-09-2022	31-20

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല.	1-1-2
4	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ- പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല.	1-1-3
5	ക്യാഷ് ഫ്ളോ സ്റ്റേറ്റ്മന്റ്- അപാകതകൾ	1-1-4
6	ഡിമാന്റ് യഥാസമയം രേഖപ്പെടുത്തുന്നില്ല	1-1-5
7	സ്റ്റെയിൽ ചെക്ക്- വരുമാനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണ്ടതാണ്	1-1-6
8	അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.	1-1-7
9	അഡ്വാൻസ് തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല.	1-1-8
10	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-9
11	MGNREGS വരവ്, ചെലവ് ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-10
12	ബജറ്റ് രൂപീകരണം- അപാകതകൾ	1-2-1
13	ബജറ്റ്	1-2
14	സാമ്പത്തിക നില (രസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം)	1-3
15	ഗ്രാന്റ് വിനിയോഗം-അപാകതകൾ	1-4-1
16	ഗ്രാന്റ് വിനിയോഗം	1-4
17	പദ്ധതി അവലോകനം	1-5
18	ക്ഷേമപദ്ധതികൾ	1-6
19	ക്യാഷ് ബാലൻസ്	1-7
20	ആഭ്യന്തര നിയന്ത്രണം	1-8
21	സർക്കാർ നിർദ്ദേശിക്കുന്ന തരത്തിലുള്ള പരിശോധനകൾ നടത്തേണ്ടതാണ്	1-9-1
22	MGNREGS പ്രവർത്തികളിൽ കരാറുകാരന് സിമന്റിന്റെ യഥാർത്ഥ വില	1-9-2

	അനുവദിക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.	
23	തൊഴിലുറപ്പ് പദ്ധതി- അവലോകനം	1-9
24	മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം	1-10
25	റേഷൻകടകൾ ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു	1-11
26	കടമുറി വാടക കുടിശ്ശിക നിലനിൽക്കുന്നു	1-12
27	ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ്	1-13
28	വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല	1-14
29	വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകിയതിലെ അപാകങ്ങൾ	1-15
30	പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് സംബന്ധിച്ച്	1-16
31	നികുതി വരുമാനം-അവലോകനം	1-17
32	CSR ഫണ്ട്, പ്രവർത്തനം സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്	1-18
33	പൊതുകുളം ലേലം സാധ്യത പരിശോധിക്കേണ്ടതാണ്	1-19
34	ലാപ്പ്ടോപ്പ് വാങ്ങൽ- വില നിർണ്ണയം നടത്താതെ കരാർ നൽകി- അപാകതകൾ ഒഴിവാക്കേണ്ടതാണ്.	1-20
35	വാതിൽപടി സേവനം - പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടില്ല	1-21
36	അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-22
37	നിർവ്വഹണ ഏജൻസികളിൽ നിന്ന് പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്നു	1-23
38	കുടിവെള്ള പദ്ധതി - ഘട്ടം ഘട്ടമായി എസ്റ്റിമേറ്റ് തയ്യാർ ചെയ്യുന്നു - മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല	1-24-1
39	മുട്ടച്ചൽക്കാവ് മിനി ജലവിതരണ പദ്ധതി - പൂർത്തീകരിക്കുന്നതിന് നടപടി	1-24-2

	സ്വീകരിക്കേണ്ടതാണ്	
40	കുടിവെള്ള പദ്ധതി - ആസൂത്രണം അനിവാര്യം	1-24
41	കംപ്യൂട്ടർ വാങ്ങൽ – സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചിട്ടില്ല -സ്റ്റോക്ക് ,വിതരണ വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക (4,62,450/-) തടസ്സം ചെയ്യുന്നു.	1-25
42	കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് വർക്ക് - ഡീറ്റയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നില്ല	1-26
43	ഗെയിംസ് ഫെസ്റ്റിവൽ – ചെലവ് രേഖകൾ ഹാജരാക്കിയില്ല – ചെലവ് തുക (55,450/- രൂപ) തടസ്സം ചെയ്യുന്നു	1-27
44	തെരുവ് വിളക്ക് പരിപാലനത്തിന് വാങ്ങിയ ഉപകരണങ്ങൾ – ഉപയോഗയോഗ്യമാക്കിയില്ല – ചെലവ് തുക (2,97,442/-) തടസ്സം ചെയ്യുന്നു.	1-28
45	മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് തുക വിതരണം ചെയ്തു	1-29
46	ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത	1-30
47	ഭൗതിക സാഹചര്യമൊരുക്കാതെ ഫിറ്റ്നസ് സെന്ററിന് ഉപകരണങ്ങൾ വാങ്ങി - പദ്ധതി ലക്ഷ്യം നേടിയില്ല – ചെലവ് തുക (2,95,515) തടസ്സം ചെയ്യുന്നു	1-31
48	ഹോമിയോ മരുന്ന് ലഭ്യമാകുന്നതിലെ കാലതാമസം	1-32
49	അംഗീകാരം നേടിയ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല	1-33
50	പി.എച്ച്.സി.ലാബിന്റെ പ്രവർത്തനം തുടർ വിവരം ലഭ്യമാക്കേണ്ടതാണ്	1-34
51	മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ - 286135/-രൂപ തടസ്സപ്പെടുത്തുന്നു	1-35
ഭാഗം 2		
--- No Records Found ---		

ഭാഗം 3

--- No Records Found ---

ഭാഗം 4

1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരങ്ങൾ	4-1
2	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പാതിരിച്ചടവ് വിവരങ്ങൾ	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി വിവരങ്ങൾ	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10

അനുബന്ധം

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2(1) നമ്പർ ക തീരുമാനം 05.07.2023 പ്രകാരം തയ്യാറാക്കി 20.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊ സമർപ്പിക്കപ്പെട്ടിട്ടുള്ള **നഗരൂർ** ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീ വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ ക അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപര തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വ ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തി അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്ത അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവര നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരി കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **നഗരൂർ** ഗ്രാമ പഞ്ചായത്തിന്റെ 2 2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കു സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1–1–1 വാർഷിക അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർ അനുപാതങ്ങൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

വാർഷിക അനുപാതങ്ങൾ llgms സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതിനാലാണ് ഉൾപ്പെടുത്താത്തത സോഫ്റ്റ്വെയർ അപ്ഡേറ്റ് ആകുന്ന മുറയ്ക്ക് വാർഷിക അനുപാതങ്ങൾ വാർഷിക ധനകാര്യപത്രിക ഉൾപ്പെടുത്തുന്നതാണെന്ന് എൻകൃയറിക്ക് (നം. 25/ 30.10.2023) മറുപടി നല്കി.

1-1-2 സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടില്ല.

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി ബാലൻസ് ഷ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

വരും വർഷങ്ങളിൽ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രിക ഉൾപ്പെടുത്തുന്നതാണെന്ന് എൻകൃയറിക്ക് (നം. 25/30.10.2023) മറുപടി നല്കി.

1-1-3 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ-പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല.

B-7 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡെപ്പോസിറ്റുകളിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

Suppliers EMD -12500

Bidders EMD - 2000

Suppliers Security Deposit- 7500

മേൽ പറഞ്ഞവ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടാൻ നടപടി സ്വീകരിച്ചിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 25/30.10.23) കാലഹരണ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

1-1-4 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്- അപാകതകൾ

ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടു തുകയും (13010957/-) ഇതേ പത്രികയിലെ Net Cash Generated By Operating+ Investing+Fina Activity (A+B+C) ആയി രേഖപ്പെടുത്തിയ (47250879/-) തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 25/ 30.10.23) IKM ൽ റിപ്പോർട്ട് അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

1-1-5 ഡിമാന്റ് യഥാസമയം രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ്, ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് അതാത് ശീർഷകത്തിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തി കാണുന്നില്ല.

വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓ എൻകൃയറിക്ക് (നം. 25/ 30.10.23) മറുപടി നൽകി.

1-1-6 സ്റ്റെയിൽ ചെക്ക്- വരുമാനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണ്ടതാണ്

B-9 ഷെഡ്യൂളിൽ 350800101 ഹെഡിൽ ഉൾപ്പെട്ടിട്ടുള്ള Liability In Respect Of Stale Chequ ഉൾപ്പെട്ടിട്ടുള്ള 1303529/- രൂപയിൽ 836691/- രൂപ (മുൻ വർഷങ്ങളിലെ മുന്നിരിപ്പ് തുക) സംബന വിശദാംശം ലഭ്യമാക്കിയില്ല.

വിശദാംശം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/ 30.10.23) 836691/- രൂപ വർഷങ്ങളിലേതാണെന്നും ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു വർഷങ്ങളിലെ തുകകളുടെ വിശദാംശം ലഭ്യമാക്കേണ്ടതും മൂന്ന് വർഷം കഴിഞ്ഞ Stale Cheque -കൾ ത ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-1-7 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

ടയൽ ബാലൻസ്, ലെഡ്ജർ എന്നിവ (460500201) പരിശോധിച്ചപ്പോൾ വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 67,989/- രൂപ വിനിയോഗിക്കാതെ തിരികെ വന്നിട്ടുള്ളതായി കാണ എന്നാൽ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂ അവശേഷിക്കുന്ന ബാലൻസ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/30.10.23) വിനിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബാലൻസ് ക്രമീകരിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നല്കി

1-1-8 അഡ്വാൻസ് തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല.

B-18 ഷെഡ്യൂളിൽ Other Advance ആയി രേഖപ്പെടുത്തിയിരിക്കുന്ന 91826/- രൂപയുടെ വിശദ ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/ 30.10.23) രേഖകൾ പരിശോ വിശദാംശം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.

1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ തൻവർഷം സൃഷ്ടിച്ച ആസ്തികൾ വാർ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളതിലെ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞില്ല.

1-1-10 MGNREGS വരവ്, ചെലവ് ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

MGNREGS വരവ്, ചെലവ് ക്യാഷ്ബുക്കുമായി 84050/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

ക്യാപിറ്റൽ കോൺടിബ്യൂഷൻ ഒഴികെയുള്ള തുക -67629050/-, EFMS പ്രകാരമുള്ള Admi 1057000/- രൂപ ആയിരുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ക്യാഷ്ബുക്ക് പ്രകാരമുള്ള 1141050/- ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാലാണ് 84050/- രൂപയുടെ വ്യത്യാസം വരുന്നത ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/30.10.23) മറുപടി നല്കി. പ്രകാരമുള്ള ഭരണചെലവ് വാർഷിക ധനകാര്യ പത്രികയിലെ ഭരണ ചെലവുമായുള്ള വ്യത്യാസത്ത കാരണം വിശദീകരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ (ഖ 1-1-1 മുതൽ 1-1-10വരെ) പരിഹരിച്ച് ഓഡി അറിയിക്കേണ്ടതാണ്.

1-2-1 ബജറ്റ് രൂപീകരണം- അപാകതകൾ

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(li) പ്ര വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

മേൽ രേഖകൾ ഉൾപ്പെട്ട ബജറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്ര ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപ ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെ സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധന സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്ര അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോ സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും അ ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസി മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോ വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോ അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധ ലഭ്യമാക്കിയിട്ടില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർ ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തു സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്ക നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു.

മേൽ നടപടി ക്രമങ്ങളുടെ ഫയൽ ഹാജരാക്കിയിട്ടില്ല.

ഡി) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്ക സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ച വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫ ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഘടകസ്ഥാപനങ്ങ നിന്നുള്ള ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31, 1.11.23) വാർഷിക ബജറ്റു ബന്ധപ്പെട്ട രേഖകൾ ഫയലായി സൂക്ഷിച്ചിട്ടില്ലായെന്നും 23-24 വർഷം ഇത്തരത്തിൽ പ

സൂക്ഷിക്കുന്നുണ്ടെന്നും മറുപടി നല്കി. ബജറ്റുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായും ആധികാരിക സൂക്ഷിക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 24.03.22 ൽ ഭരണസമിതിയുടെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. തീരുമാനപ്രകാരം അംഗീകരിച്ച പ്രതീക്ഷിത വരവ് ചെലവ് കണക്ക ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	11567019
വരവ്	270277500
ആകെ	281844519
ചെലവ്	277053000
നീക്കിയിരിപ്പ്	4791519

വാർഷികപദ്ധതി ഭേദഗതികളുടെയും ഭാഗമായി വരവുചെലവുകണക്കുകളിൽ മാറ്റത്തിനനുസൃതമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 21.02.23 ഭരണസമിതിയുടെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെ കണക്കുകൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	18993042
വരവ്	286755429
ആകെ	305748471
ചെലവ്	288376813
നീക്കിയിരിപ്പ്	17371658

1-3 സാമ്പത്തിക നില (രസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം)

മുന്നിരിപ്പ്	23399722
വരവ്	50574143
ആകെ	73973865
ചെലവ്	37563186
നീക്കിയിരിപ്പ്	36410679

1-4-1 ഗ്രാന്റ് വിനിയോഗം-അപാകതകൾ

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധന പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ചെലവ് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്ര വ്യത്യാസമുണ്ട്.

ഫണ്ട്	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം	എ.സി.ആർ പ്രകാരം

വികസന ഫണ്ട് (ജനറൽ)	14215163	12281880
വികസന ഫണ്ട് (എസ്.സി.പി)	10780935	10075448
സി എഫ് സി- അൺ ടൈഡ് ഗ്രാന്റ്	5412042	5464126

Sourse Deduction, GO Project, Que Bill എന്നിവയിലെ വ്യത്യാസവും, CFC Untied Fund ട്രഷറി പാസ്സാകാത്തതും ആണ് മേൽ സൂചിപ്പിച്ച പൊരുത്തക്കേടിന് കാരണം എന്ന് ഇത് സംബന്ധിച്ച് ന എൻക്വയറിക്ക് (നം. 6, 27.10.23) മറുപടി നല്കി.

2) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടു മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	13326488	7523089	56.45
	പട്ടിക ജാതി	582259	400586	68.79
സേവനം	പൊതുവിഭാഗം	38579337	23920249	62
	പട്ടിക ജാതി	16853736	8566761	50.83
പശ്ചാത്തലം	പൊതുവിഭാഗം	23074432	9581980	41.52
	പട്ടിക ജാതി	3460109	2799188	80.89

മേഖലാടിസ്ഥാനത്തിലുള്ള ചെലവ് ഉയർത്തുന്നതിന് വരും വർഷങ്ങളിൽ പദ്ധതി തയ്യാറാക്കുന്നതാ ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (നം 6, 27.10.23) മറുപടി നല്കി.

3) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തന്നെയാണ് 2022-23 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂ ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ് 2021-22	ഹെഡ് കോഡ് 2022-23	ഇനം	B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക
320200324	320100195	Grants/Funds For Pandemic/Epidemic Control	79000
320200399	320200399	Grants, Funds & Contributions For Specific Purposes-Other Than Development Fund And State Sponsord Scheme Fu Nds-0ther Purposes	25000
320300103	320300103	Grants, Funds &Contributions For Specific Purposes-Other Govt. Agencies-Total Sanitation	280476

പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകളിൽ ചെലവഴിക്കാത്തവ തി

അടയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ എൻകൃയറിക്ക് (ന 27.10.23) മറുപടി നല്കി.

4) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(ആ)07/2017/ധന. പ്രക പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂട 03.07.2018-ലെ സ.ഉ(ആ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(ആ)7/2019/ധന. ഉത്തരവുകൾ പ്ര സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സം പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയം സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരി തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തു ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്കായി തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കോഡ്	തദ്ദേശ സ്ഥാപനം	തുക
1	320700104	ബ്ലോക്ക് പഞ്ചായത്ത്	113700
2	320700105 320700205	ജില്ലാ പഞ്ചായത്ത്	624591

അവശേഷിക്കുന്ന തുകകൾ തിരികെ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന നല്കിയ എൻകൃയറിക്ക് (നം. 6/27.10.23) മറുപടി നല്കി.

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തു പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടി ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞ % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്ത വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണു വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ തുക (മറ്റുള്ളവ ഒഴികെ)	ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം (%)
വനിത ഘടക പദ്ധതി	2852986	693915	24.32
കുട്ടികൾ	414650	414463	99.95
വൃദ്ധർ	1011150	1006180	99.5

ഭിന്നശേഷിയുള്ളവർ	499000	75000	15
മറ്റ് ദുർബല വിഭാഗങ്ങൾ	520000	485000	93.26

വരും വർഷങ്ങളിൽ തുക ചെലഴിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് ന എൻക്വയറിക്ക് (നം. 6/27.10.23) മറുപടി നല്കി.

6) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യമ്മീ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹ ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയി തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കെ തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതും പദ്ധതി തുകകൾ ലാപ്സാക പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലൂന്നി ജനോപകാരപ്രദമായ പദ്ധതിക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	17539717	17539717	14215163	3324554
വികസനഫണ്ട് (എസ്.സി.പി)	0	11514513	11514513	10780935	733578
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	5621879	5621879	3928825	1693054
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	5460683	5460683	5412042	48641
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	13855000	13855000	5802821	8052179
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	7054000	7054000	4038282	3015718
CSS	0	0	0	1653017	-1653017
Sss	0	0	0	467949	-467949

1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ)


ഫണ്ട്	2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക	2022-23-ൽ ചെലവഴിച്ച തുക (സൂലേഖ ചെലവ് പത്രിക പ്രകാരം)	ലാപ്സാ തുക
വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം	19689000	14215163	5473837
വികസനഫണ്ട് എസ്.സി.പി	12520000	10780935	1739065
മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	7054000	4038282	3015718
മെയിന്റനൻസ് ഗ്രാന്റ് റോഡ്	13855000	5802821	8052179
ആകെ	**53118000**	**34837201**	**1828079**

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)



(2)



(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗ്രൂണഭോക്തൃ വിഹിതം ഒഴികെ)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	9	7	2	72,19,900	5186525	72
വെറ്റിനറി സർജൻ	7	6	1	2376000	1612321	68
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	10	8	2	3659771	3119919	85
മെഡിക്കൽ ഓഫീസർ -ഹോമിയോ	1	1	0	350000	350000	100
മെഡിക്കൽ ഓഫീസർ- ആയുർവേദം	2	2	0	825000	825000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1	6	6	0	4918620	1847594	38
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	16	13	3	6572202	5411155	82
സെക്രട്ടറി	42	32	10	15690968	12855456	82
അസിസ്റ്റന്റ് എഞ്ചിനീയർ	87	44	43	33274617	12826884	39

ഹെഡ് മാസ്റ്റർ	2	0	2	72000	0	0
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	0	2345588	998243	43
അസിസ്റ്റന്റ് സെക്രട്ടറി	16	15	1	4823883	3138756	65
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2	10	9	1	23927812	4620000	19
ആകെ	**210**	**145**	**65**	**106056361**	**52791853**	

(സി)ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	20035912	14215163	71
എസ്.സി.പി.	13654688	10780935	79
ധനകാര്യ കമ്മിഷൻ അവാർഡ്	13884623	9340867	67
കേന്ദ്രാവിഷ്കൃത ഫണ്ട്	4091045	1653017	40
സംസ്ഥാനാവിഷ്കൃത ഫണ്ട്	6350000	467949	7
തനത് ഫണ്ട്	2362384	675374	29
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	6295214	3157462	50
മറ്റ് ജില്ലാ പഞ്ചായത്ത്	4803179	2106000	44
മെയിന്റനൻസ് റോഡ്	15293913	5802821	38
മെയിന്റനൻസ് റോഡിതരം	8551389	4038282	47
മറ്റുള്ളവ	23577333	779851	3

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി)	ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴിവാക്കി)	ചെലവ് ശതമാനം
210	145	65	95876361	52791853	55

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച് ആസൂത്രണസ പുന:സംഘടിപ്പിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.01/25.10.23-ന്റെ മറുപടി).

നിലവിലെ ആസൂത്രണ സമിതി, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുത വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്

വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം 3 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. പതിനാലാം പദ്ധതി മാർഗ്ഗരേഖ ((കൈ)നം.84/2022) ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സ അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജ

ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവര മിനിട്സ് ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

1. വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

2. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപട പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശവും ഏറ്റെടുക്കാത്ത ഏതാനും പദ്ധതി വിശദാംശംവും ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.28/30.10.23-ന്റെ മറുപടി)

ക്രമ നം.	മേഖല	തീവ്രത	പ്രശ്നം	പ്രോജക്ട്
1	പട്ടികജാതി വികസനം	ഗുരുതരം	1. യുവാക്കളിലെ തൊഴിലില്ലായ്മ 2. കോളനികളിലെ അടിസ്ഥാന സൗകര്യം	- വേലംകോണം കോളനി റോഡ് പുനരുദ്ധാരണം (പ്രോജ.50) വീട് വാസയോഗ്യമാക്കൽ (പ്രോജ.93) കുഴിവിള കോളനി പൈപ്പ് ലൈ ദീർഘിപ്പിക്കൽ (പ്രോജ. 137)
2	കൃഷി	അതീവ ഗുരുതരം	ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും ലഭ്യതക്കുറവ്	പ്രോജക്ട് ഏറ്റെടുത്തിട്ടില്ല.
3	ദാരിദ്ര്യ ലഘൂകരണം	അതീവ ഗുരുതരം	ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധന	അതിദരിദ്രർക്ക് ഭക്ഷ്യകിറ്റ് വിതരണം
4	ആരോഗ്യം	അതീവ ഗുരുതരം	കുട്ടികളുടെ വളർച്ചാവൈകല്യം കണ്ടെത്തുന്നതിന് സൗകര്യമില്ലായ്മ	പ്രോജക്ട് ഏറ്റെടുത്തിട്ടില്ല.
6	കുടിവെള്ളം ശുചിത്വം	അതീവ ഗുരുതരം	പ്ലാസ്റ്റിക് മാലിന്യങ്ങൾ	മിനി എംസിഎഫ് സ്ഥാപിക്കൽ ഹരിതകർമ്മസേന പ്രവർത്തനം ശക്തിപ്പെടുത്തൽ എന്നിവ നിർവ്വഹിക്കുന്നു.

ഗ്രാമസഭ

പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോ നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗ നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗ നിശ്ചയിച്ചിട്ടില്ല. 25.10.23-ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.1-ന് ലഭ്യമാക്കിയ മറുപടി പ്രകാ മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി നടത്തിയിട്ടില്ല, തൻ വർഷം, തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പദ്ധതികൾ ഏറ്റെടുത്ത

തൻ വർഷത്തെ പദ്ധതിൽ നൂതന പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല, സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതി ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭിച്ചിട്ടില്ല.

പദ്ധതി രൂപീകരണ നിർവ്വഹണ വേളയിൽ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ പങ്കാളിത്തവും മേൽനോട്ടവും ഉറപ്പുവരുത്തുന്നതിനും ഗ്രാമ സഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയ നിർദ്ദേശങ്ങൾക്കനുസൃതമായി ജനോപകാരപ്രദവും ജനങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതു പദ്ധതികൾ പ്രോജക്ടുകളായി ഉൾക്കൊള്ളിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതു

ക്ലേശ ഘടകങ്ങൾ പരിശോധിച്ച് അതിതനുസൃതമായി പദ്ധതി രൂപീകരണം, നർവ്വഹണം എ നിർവ്വഹിക്കേണ്ടതുണ്ട്.

1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ച ചേർക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	4461000	386
വിധവ പെൻഷൻ	16857800	1597
വാർദ്ധക്യകാലപെൻഷൻ	30662800	2904
വികലാംഗപെൻഷൻ	4125300	375
വിവാഹധനസഹായം	150000	5
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	494200	47

1-7 ക്യാഷ് ബാലൻസ്

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോ 30.10.2023 തീയതിയിൽ 10.15 Am സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത നടത്തുകയുണ്ടായി. പരിശോധനയിൽ 5521/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു

1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ച പറയുന്ന വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

1) നികുതി നികുതിയേതര വരുമാന വരവ് വർദ്ധിപ്പിക്കുന്നതിനുതകുന്ന നടപടികൾ കൈക്കൊള്ളുന്ന കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാക ആവർത്തിക്കപ്പെടാതിരിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിച ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

4) വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭ, ആസൂത്രണസമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേ മിനിട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭ എന്നിവ പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്.

5) ഗ്രാമ പഞ്ചായത്തിന് നികുതി, വാടക കുടിശ്ശിക തുടങ്ങി വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യ പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് മെച്ചപ്പെടുത്തുന്ന വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

7) നിർവ്വഹണോദ്യോഗസ്ഥർ പ്രോജക്ട് ഫയലുകളുടെ പരിപാലനത്തിൽ, പ്രോജക്ട് അനുബന്ധ രേ ഫയലിനൊപ്പം സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

8) വിവിധ വാണിജ്യ സ്ഥാപനങ്ങളുടെ ലൈസൻസുകൾ കൃത്യമായി പരിശോധിച്ച് ന സ്വീകരിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തണം.

9) പ്രൊക്യൂർമെന്റ് കമ്മിറ്റി, വിവിധ മോണിറ്ററിംഗ് കമ്മിറ്റികൾ എന്നിവ പദ്ധതി നിർവ്വഹണ പ്രക്രിയ കൂടുതൽ സജീവമാകേണ്ടതുണ്ട്.

1-9-1 സർക്കാർ നിർദ്ദേശിക്കുന്ന തരത്തിലുള്ള പരിശോധനകൾ നടത്തേണ്ടതാണ്

MGNREGS മുഖേന നടപ്പിലാക്കിയ പ്രവർത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധന, സാങ്കേ പരിശോധന എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും, ടി പരിശോധനകൾ പ്രവർത്തി ആരംഭിക്കുന്ന മുമ്പും, പ്രവർത്തി നടക്കുമ്പോഴും, പ്രവർത്തി പൂർത്തിയായി കഴിഞ്ഞും നടത്തേണ്ടതാണെന്നും, അ സംബന്ധിച്ച വിശദ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 11.1.2021 തീയതിയ നം.ഡി.ഡി2/336/2020/ത.സ്വ.ഭ.വ ന്റെ സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. 2022-23 സാമ്പ വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ ഇത്തരം പരിശോധനകൾ നടത്തിട്ടുണ്ടോ എ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എക്വയ (28.10.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.-17) ലഭ്യമാക്കിയ മറുപടിയിൽ MGNREGS സാങ്കേ വിഭാഗം വിവിധ പരിശോധനകൾ നടത്തുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ പരാമർ സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിശോധനകൾ നടത്തേണ്ടതും നിശ്ചിത മാതൃകയിലുള്ള പരിശോ റിപ്പോർട്ടുകൾ സൂക്ഷിക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാ

1-9-2 MGNREGS പ്രവർത്തികളിൽ കരാറുകാരന് സിമന്റിന്റെ യഥാർത്ഥ വില അനുവദിക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

MGNREGS പ്രവർത്തികളിൽ സിമന്റിന് SECURE Software ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാ നിരക്ക് നൽകാൻ പാടില്ലെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂ എന്നും, മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും ആ ഓംബുഡ്സ്മാന്റെ 08.07.2022 ലെ OMB/ALP/AW/20/2022നമ്പർ ഉത്തരവിലൂടെ കർശന നിർ നൽകിയിട്ടുണ്ട്. സിമന്റ് ഒരു പാക്കേജ്ഡ് കമ്മോഡിറ്റി എന്ന നിലയിൽ പാക്ക രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കു ടെൻഡർ എടുക്കുന്ന കരാറുകാരൻ വിതരണം ചെയ്യുമ്പോൾ നൽകുന്ന ജി.എസ്.ടി ബില്ലിൽ, നൽ ബ്രാൻഡിന്റെ പേര് (ഓരോ ബ്രാൻഡിനും വ്യത്യസ്ത വിലയായതിനാൽ), യൂണിറ്റ് പാക്കറ്റുകളുടെ എ എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും MGNREGS മിഷൻ ഡയറക്ടറുടെ 17.8.2022 ലെ No.NREGA/724/2022-A3 കത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞ വിഷയങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓ എക്വയറിക്ക് (28.10.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.-17) ലഭ്യമാക്കിയ മറുപടിയിൽ, സ ഉൾപ്പടെയുള്ള മെറ്റീരിയൽസ് പ്രവർത്തി സ്ഥലത്ത് വിതരണം നടത്തുന്നതിനായി ടെ

ക്ഷണിക്കുകയും അപ്രകാരം കരാർ നൽകിയ കരാറുകാരന് ക്വാട്ട് ചെയ്ത തുക പ്രകാരമാണ് തുക അനു നൽകിയതെന്നും മാർക്കറ്റ് റേറ്റ് അനുസരിച്ച് വരുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് കരാറുകാരന് അനുവദിക്കുന്നതിന് സാധിക്കാത്തതുമാണെന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ട്. സിമന്റ് ഒരു പാക്കേ കമ്മോഡിറ്റി എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കു നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല എന്നതിനാൽ മറുപടിയിൽ പറഞ്ഞിരിക്കുന്ന കാര്യ അംഗികരിക്കാൻ കഴിയുന്നതല്ല.

ഭാവിയിൽ കരാറുകാർ മെറ്റീരിയൽ വിതരണം ചെയ്യുമ്പോൾ നൽകുന്ന ജി.എസ്.റ്റി ബില്ലിൽ, നൽ സിമന്റ് ബ്രാൻഡിന്റെ പേര്, വില, യൂണിറ്റ് പാക്കറ്റുകളുടെ എണ്ണം എന്നിവ ഉണ്ടായിരിക്കേണ്ടതാ വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും അപ്രകാരം മാത്രം തുക അനുവദിക്കുന്ന ശ്രദ്ധിക്കേണ്ടതാണ്.

1-9 തൊഴിലുറപ്പ് പദ്ധതി- അവലോകനം

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ് (I 14(F) പ്രകാരം)	നീക്കിയിരിപ്പ്
ഭരണചെലവുകൾ	1232	1150389	1151621	1141050	10571
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	66488000	66488000	66488000	0
ആകെ	1232	67638389	67639621	67629050	10571

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള (B4 ഷെഡ്യൂൾ പ്രകാരം) നീക്കിയിരിപ്പ് 7626/- രൂപയ നീക്കിയിരിപ്പുകൾ തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	20.07.2022 മുതൽ 26.7.2022 വരെ	01.08.2021 മുതൽ 31.03.2022 വരെ	13.10.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	04.02.2013	2007-08 മുതൽ 2011-12 വരെ	09.04.2013

1-11 റേഷൻകടകൾ ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂ പഞ്ചായത്തിന്റെ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സി സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാ വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 9 റേഷൻകടകൾ ലൈസൻസ് എടുത്തതായി കാണുന്നു. പഞ്ചായത്ത് പരിധിയിൽ ആകെ 13 റേഷൻ ക പ്രവർത്തിച്ച് വരുന്നതായും അവശേഷിക്കുന്ന 4 റേഷൻകടകൾക്ക് ലൈസൻസും തൊഴിൽ നികു

അടവാക്കുന്നതിനുള്ള നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം. 24/30.10.2 മറുപടി നൽകുകയുണ്ടായി.

റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതിനായി ബന്ധ വാർഡ് മെമ്പർമാരുടെ സഹായം തേടാവുന്നതും പ്രസ്തുത ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരു പൂർണ്ണമായും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-12 കടമുറി വാടക കുടിശ്ശിക നിലനിൽക്കുന്നു

വാടക രജിസ്റ്ററിലെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം കടമുറികളുടെ വാടകയിനത്തിൽ 202 വർഷം 27021/- രൂപ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു (സെക്രട്ടറി സാക്ഷ്യപ്പെടുത്തി എന്നാൽ ആകെ 27184/- രൂപയാണ് കുടിശ്ശികയായി കാണുന്നത്.

കടമുറി നം.	വാടക കുടിശ്ശിക
2	15876
3	9861
5	874
6	573
ആകെ	**27184/-**

മേൽ കുടിശ്ശികയിൽ 17160/- രൂപ പിരിച്ചെടുത്തതായും ബാക്കി കുടിശ്ശിക പിരിച്ചെടുക്കുന്നതി നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചു (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.13/28.1 കുടിശ്ശികയിലെ വ്യത്യാസം സംബന്ധിച്ച് വ്യക്തത വരുത്തി വാടക അതാത് മാസങ്ങ അടവാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികൾ മുൻകയ്യെടുക്കേണ്ടതാണ്. വാടക കുടി പൂർണ്ണമായും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ്

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം ലൈവ്സ്റ്റോ ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന ലൈവ്സ്റ്റോക്ക് ഫാ പ്രവർത്തിക്കുന്നുണ്ട്.

ക്രമ നമ്പർ	ഇനം	സ്വകാര്യം
1	ഡയറിഫാം	2
2	ഇറച്ചിക്കോഴി	1

എന്നാൽ നിലവിൽ ഒരു ഡയറി ഫാമും, ഒരു ഇറച്ചിക്കോഴി ഫാമും ലൈസൻസ പ്രവർത്തിക്കുന്നുണ്ട് എന്ന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 18/30.10.23-ന് മറുപടിയായി അറിയിച്ചിട്ടു

വാർഡ്തലത്തിൽ പരിശോധന നടത്തി സ്ഥാപനങ്ങളുടെ കൃത്യമായ എണ്ണം കണ്ടെത്തി ആവശ്യ രേഖകൾ പരിശോധിച്ച് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ പ്രകാരവും, 2011-ലെ കേരള പഞ്ചാ രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും വസ്തുനികുതി ചുമത്തേണ്ടത സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ 11, 13 വാർഡുകളിലെ ഏ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലാ വ്യക്തമാകുന്നു.

ക്രമ നം.	വാർഡ്/ കെട്ടിട നമ്പർ	ഉടമയുടെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം	വിസ്തീർണ്ണം (ചതുരശ്രമീറ്റർ)
1	11/109	രാജൻ, ചിഞ്ചു ഭവൻ, നഗരൂർ	പാർപ്പിടാവശ്യം	100
2	11/510	ദാമോദരൻ, വിളയിൽ വീട്, നെടുമ്പറമ്പ്	പാർപ്പിടാവശ്യം	70
3	13/31	രമണി, പടിഞ്ഞാറ്റതിൽ വീട്, നന്ദായ്വനം	പാർപ്പിടാവശ്യം	80
4	13/204	കൃഷ്ണൻ, ചന്ദ്രമംഗലം	പാർപ്പിടാവശ്യം	72
5	13/210	ജയപ്രകാശ്, പുതുവീട്	പാർപ്പിടാവശ്യം	72
6	13/265	രാജേന്ദ്രൻ, അജീഷ് ഭവൻ	പാർപ്പിടാവശ്യം	77
7	13/299	ശ്രീധരൻ, ഇടവിളാകം	പാർപ്പിടാവശ്യം	81
8	13/354	ചെല്ലമ്മ, ഇളവൻമഠം	പാർപ്പിടാവശ്യം	80
9	13/437	പുരുഷോത്തമൻ, തെക്കേവിളാകത്തു പുത്തൻവീട്	പാർപ്പിടാവശ്യം	70
10	13/460	നന്ദനൻ, അപർണ നിവാസ്	പാർപ്പിടാവശ്യം	81

മേൽ കെട്ടിടങ്ങളുടെ ബേസ് ഡാറ്റാ 2013-ൽ സഞ്ചയയിൽ എൻട്രി നടത്തിയ വേളയിൽ അടിസ വസ്തുനികുതി സീറോ എന്ന് ചെയ്തതിനാലാണ് ഇത്തരത്തിൽ സംഭവിച്ചിട്ടുള്ളതെന്നും 2023 ലെ വസ്തുനി പരിഷ്കരണത്തിന്റെ ഭാഗമായി ടി കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തി, വസ്തുനി ഈടാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം. 33/1.11.2023-ന് മറുപടിയായി അറിയിച്ചു.

2023 ലെ വസ്തുനികുതി പരിഷ്കരണത്തിൽ മേൽ അപാകം പരിഹരിക്കേണ്ടതും, പഞ്ചായത്തിലെ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-15 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകിയതിലെ അപാകങ്ങൾ

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയി സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മു ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 5, 3, 12 എന്നീ വാർഡ പരിശോധിച്ചതിൽ മേൽ നടപടി ക്രമം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇ അനുവദിച്ച് നൽകിയതായി കാണുന്നു.

ക്രമ നമ്പർ	വാർഡ്/ കെട്ടിട നമ്പർ	പേര്, വിലാസം
1	5/476	ജനാർദ്ദനകുറുപ്പ്, ഗീതാ ഭവൻ, ചെമ്മരുത്തുമുക്ക്
2	5/472	രാധാകൃഷ്ണൻ, കൃഷ്ണാസ്, ചെമ്മരുത്തുമുക്ക്
3	3/72	ജെ.ലീലാകുമാരി, ലീലാ സദനം, വെള്ളല്ലൂർ
4	3/112	ദേവരാജൻ, ആഷാ ഭവൻ, മാത്തയിൽ
5	3/165 A	കൊച്ചുഗോവിന്ദപിള്ള, ശ്രീനന്ദനം, മാത്തയിൽ, വെള്ളല്ലൂർ
6	3/189	എ. വേലായുധൻ ചെട്ടിയാർ, കുരയിൽ പുത്തൻവീട്
7	3/148	സലീബ്, ശ്രീഹരി, വിലവൂർക്കോണം
8	3/503 A	ചന്ദ്രികാദേവി അമ്മ, ചെക്കാലയിൽ വീട്
9	12/421	രവീന്ദ്രൻ, മാറാഞ്ചേരി വീട്
10	12/70	ലതിക, ഇടത്തട്ടിൽ വീട്, മാടപ്പാട്

മേൽ പരാമർശിച്ച വാർഡുകളിലെ വിമുക്ത ഭടന്മാരുടെ വിവരങ്ങൾ സഞ്ചയയിൽ ചേർത്തപ്പോൾ Conti എന്ന് കൊടുത്തത് കൊണ്ടാണ് ഓരോ വർഷവും വസ്തുനികുതി ഇളവ് ലഭിച്ചിട്ടുള്ളതെ വരുംവർഷങ്ങളിൽ നടപടിക്രമം പാലിച്ച് മാത്രമേ വസ്തുനികുതി ഇളവ് അനുവദിക്കുകയുള്ളുയെന്ന വ ഓഡിറ്റ് എൻകൃയറി നം. 35/1.11.2023-ന് മറുപടി നൽകി.

1-16 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് സംബന്ധിച്ച്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓ നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെ വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെ പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡി നടത്തിയതിന്റെയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.36/23 ന് സർക്കുലർ

LSGD/PD/20073/2023 -REV2 തീയതി 13.9.2023 പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജ തിരുവനന്തപുരം, ജി.ഒ.77/2023/LSGD തീയതി 22.3.23 എന്നിവ പ്രകാരം ഫീൽഡ്തല സർവ്വേ ന അനധികൃതനിർമ്മാണങ്ങൾ, ഒക്യൂപൻസി മാറ്റം എന്നിവ നിർണ്ണയിക്കുന്നതിനും അ ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കുന്നതിനും നിലവിലെ ഉത്തരവ് പ്രകാരം ഇ നടത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് എ.ഇ.യ്ക്ക് സർവ്വെ ടീമിന് പരിശീലനം നൽകുന്നതിന് പഞ്ചാ ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടുണ്ടെന്നും തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണെന്നും മ നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ വാർഡിലും അനധികൃത നിർമ്മാണം, ഒക്യൂപൻസി മാറ്റങ്ങൾ റി ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുള്ളതായും അറിയിച്ചു. ചട്ടപ്രകാരമുള്ള പോസ്റ്റ് ഒക്യൂപൻസി ഓ നടത്തി, നികുതി നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 നികുതി വരുമാനം-അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനി വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ നികുതി വരുമാനമായ വസ്തുനികുതി നിയമാന ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾ കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു (കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ നി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം, വ്യവസായം എന്നിവ നടത്തുന പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചാ രാജ് നിയമം വകുപ്പ്-204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നി അടിസ്ഥാനപ്പെടുത്തി, വിനോദം നൽകുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്ത കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയര അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ നികുതി നികുതിയേതര വരുമാനങ്ങളെ സംബന്ധി നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പുതിയ തനത് വരുമാനമേഖലകൾ:

പുതിയ തനത് വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമു നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. എന്നാൽ, ഇപ്രകാരമുള്ള നിർദ്ദേശ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ സ്ഥലങ്ങളോ പഞ്ചായത്തിൽ ഒഴിഞ്ഞ് കിടക്കുന്നില്ലായെന്ന് വ്യക്തമാക്കി.

2) തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി, വാടക, മാർക്കറ്റ് ഫീസ് എന്നിവയിൽ കുടി നിലനിൽക്കുന്നുണ്ട്. തൊഴിൽ നികുതി ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്ത് കാ കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെട സാഹചര്യമുണ്ട്.

നികുതി/നികുതിയേതര വരവിനങ്ങളുടെ അവലോകന യോഗങ്ങൾ കൂടി, പിരിവ് പുരോഗതി, നി വർദ്ധനവ് എന്നിവ ചർച്ച ചെയ്യേണ്ടതാണ്.

3) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കി ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാ കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയവിഭാഗത്തിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ഈടാക്കുന്നില്ല.

4) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്വെയർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് നടപ സ്വീകരിക്കാവുന്നതാണ്:

തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങ പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവര അടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

5) മുൻ വസ്തുനികുതി പരിഷ്കരണത്തിൽ അപാകങ്ങൾ നിലനിൽക്കെ വീണ്ടും നികുതി പരിഷ്കരിക്കു അപാകങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

2013 നികുതി പരിഷ്കരണത്തിലെ നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ച കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. പ്രസ്തുത വസ്തു നി പരിഷ്കരണത്തിന്റെ ഡാറ്റാ എൻട്രി നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കെട്ടിടങ്ങളുടെ ഉപയോഗ കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണയത്തിന് സ്വീകരിച്ച റോഡുകളുടെ വി മേഖല ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മി ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശത നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരി സാഹചര്യം വസ്തുനികുതി നിർണയത്തിലെ അപാകത്തിന് ഇടയാക്കുന്നതാണ്. വസ്തു നി പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ നിന്ന് Form 9b ശേഖരിച്ചിട്ടുണ്ട് എന്നും സ പ്രകാരമുള്ള നിലവിലെ കെട്ടിട വിവരങ്ങൾ ഉൾപ്പെടുത്തി 5% വർദ്ധനവ് വരുത്തിയ വസ്തു നി വിവരങ്ങൾ അടങ്ങിയ Form 9A വിതരണം ചെയ്യ വരുന്നു എന്നും ഫീൽഡ് പരിശോധനയ്ക്കായി ഇ നടത്തി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ ഉള്ളവർക്ക് പരിശീലനം നല്കി ഫീൽഡ് പരിശോധന നടപട പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചു.

6) സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ്:

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചാ പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തി ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവന ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ നേ ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ നഗരൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനി ഈടാക്കുന്നില്ല. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ നേ ഉപനികുതി ഈടാക്കാവുന്നതാണ്.

ക്രമ നമ്പർ	സേവനം	വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി

1	ശുചിത്വ പരിപാലനം	4%
2	ജല വിതരണം	3%
3	തെരുവു വിളക്കുകൾ	2%
4	ഡ്രൈനേജ്	1%

വസ്തു നികുതി നിർണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നി ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന്, പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്ത നിശ്ചയിക്കാവുന്നതാണ്.

ഓഡിറ്റിന്റെ ശുപാർശകൾ:

1) തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയ ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങ അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3) അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിര റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി തൊഴിൽ നികുതി കൃത്യ ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്വെയർ അധിഷ്ഠിതമാക്കുന്നതിന് lKM ആവശ്യപ്പെടാവുന്നതാണ്.

6) വസ്തുനികുതി നിർണയത്തിന്റെയും പരിഷ്കരണത്തിന്റെയും ഡേറ്റാപ്യൂരിഫിക്കേഷൻ ഫീൽഡ് റിപ്പോർട്ടിനൊപ്പം നടത്തേണ്ടതാണ്.

7) സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

1-18 CSR ഫണ്ട്, പ്രവർത്തനം സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

2022-23 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 3 ക്വാറികളും 1 ക്രഷർ യൂ പ്രവർത്തിക്കുന്നുണ്ട്.

ക്രമനം.	ക്വാറി ഉടമയുടെ പേര്	സ്ഥാപനത്തിന്റെ പേര്
